# ചാലാട് നോർത്ത് എൽ.പി. സ്കൂൾ



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ചാലാട് നോർത്ത് എൽ. പി.
സ്കൂൾ ,പള്ളിയാംമൂല

വിലാസം :പള്ളിയാംമൂല ,പി. ഒ. അലവിൽ
-670008

അധ്യയനം നടത്തുന്ന
ക്ലാസുകൾ : എൽ.കെ.ജി ,യു .കെ.ജി.,
1 മുതൽ 4 വരെ

ഭരണവിഭാഗം :എയിഡഡ്

പഠനമാധ്യമം : മലയാളം

പ്രധാന അധ്യപിക :ജയശ്രീ എം.പി.

ഫോൺ നമ്പർ :9605755432

# മറ്റുവിവരങ്ങൾ

ഉപജില്ലാ :പാപ്പിനിശ്ശേരി

വിദ്യാഭ്യാസ ജില്ലാ : കണ്ണൂർ

ബി.ആർ.സി. :പാപ്പിനിശ്ശേരി

സി.ആർ.സി. :പള്ളിക്കുന്ന്

കോർപ്പറേഷൻ :കണ്ണൂർ കോർപ്പറേഷൻ

ബ്ലോക്ക് :പള്ളിക്കുന്ന്

നിയമസഭാമണ്ഡലം :അഴീക്കോട്

ലോകസഭാമണ്ഡലം :കണ്ണൂർ

# <u>സ്ഥിതിവിവരക്കണക്ക്</u>

സ്കൂൾകെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം :62 സെന്റ്
കെട്ടിടങ്ങളുടെ എണ്ണം :2എണ്ണം

പ്രധാന അധ്യപിക മുറി :1എണ്ണം

ആകെ ക്ലാസ്സ്മുറികൾ :6എണ്ണം

ടോയ്‌ലറ്റുകൾ
ആൺ :1എണ്ണം

പെൺ :1എണ്ണം

# <u>അധ്യാപക -അനധ്യാപക വിവരം</u>

**എച്ച് എം ഇൻചാർജ് : 1**

**എൽ.പി.എസ് .ടി. : 3**

**കെ.ജി.ടി. : 2**

# കുട്ടികളുടെ എണ്ണം

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 2025 | 12 | 5 | 17 |
| 2024 | 13 | 5 | 18 |
| 2023 | 9 | 9 | 18 |
| 2022 | 14 | 14 | 28 |
| 2021 | 16 | 21 | 37 |
| 2020 | 21 | 20 | 41 |

# ആമുഖം

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉന്നമനം എന്നു പറയുന്നത് ആ വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളാണ് ഒരു വിദ്യാർത്ഥി എല്ലാ തലങ്ങളിലും നേടിയെടുക്കേണ്ട ശേഷികളും, നല്ല പെരുമാറ്റവും കൈവരിക്കാൻ ഒരു അഴിച്ചു പണിയാണ് ഓരോ വർഷവും തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ. 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾ സ്കൂളിന്റ പടിയിറങ്ങുമ്പോൾ മലയാളം, ഇംഗ്ലീഷ് ഭാഷകൾ നന്നായി വായിക്കാനും എഴുതാനും അവർ പ്രാപ്തരായിട്ടുണ്ടാവണം. എല്ലാ വൈജ്ഞാനിക മേഖലകളിലും കണ്ടും കേട്ടുമുള ഒരു അന്വേഷണത്വര ഉണ്ടാക്കിയെടുക്കാൻ സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന് സാധിക്കണം. ഇതിനു വേണ്ടി യുള്ള, പ്രവർത്തങ്ങൾ പൂർണമായ ഫലപ്രാപ്തിയിൽ എത്തുന്ന തരത്തിലായിരിക്കണം. എല്ലാ ഘടകങ്ങളുടെയും സംയോജനം.

# <u>പൊതുലക്ഷ്യങ്ങൾ</u>

- ഓരോ വിദ്യാർത്ഥിയും അക്കാദമിക്ക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- പ്രവർത്തനങ്ങളുടെ ശരിയായ ആസൂത്രണം.
- കുട്ടിയുടെ വ്യക്തിത്വ വികസനത്തിനും സാമൂഹിക പുരോഗതിക്കുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടിയുടെ സർഗാത്മക കഴിവുകൾ വികസപ്പിച്ചെടുക്കുക.
- ഓരോ കുട്ടിക്കും ആവശ്യമായ യോണിച്ച പിന്തുണാപ്രവർത്തങ്ങൾ നൽകുക.
- മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

# വിദ്യാലയ ചരിത്രം

പള്ളിക്കുന്ന് പഞ്ചായത്തിലെ വിദ്യാഭ്യാസപരമായും സാമ്പത്തികപര മായും വളരെ പിന്നോക്കം നിന്നിരുന്ന പള്ളിയാംമൂലയെന്ന തീരപ്രദേശത്ത് 1939 ൽ കറുവൻ മേസ്ത്രി എന്ന വ്യക്തി സ്ഥാപിച്ച വിദ്യാലയമാണ് പാലാട് നോർത്ത് ലോവർ പ്രൈമറി സ്കൂൾ. ആദ്യകാലത്ത് ഓലഷെഡിലാരംഭിച്ച് അൽപകാലത്തിന് ശേഷം മൺകട്ടകൊണ്ടുള്ള ചുമരും ഓലമേഞ്ഞതുമായ കെട്ടിടത്തിൽ ഈ വിദ്യാലയം പ്രവർത്തിച്ചു കൊണ്ടിരുന്നു. ഈ പ്രദേശത്തെ സാമൂഹ്യ വിദ്യാഭ്യാസ സാംസ്ക്കാരിക നിലവാരം ഉയർത്താൻ, ഈ സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തേണ്ടത് അത്യാവശ്യമാ ണെന്ന് ബോധ്യം വന്നതിനാൽ ശോചനീയമായ സ്കൂൾ കെട്ടിവും പരിസ രവും പുതുക്കി പണിയാൻ, ക്രമേണ ഇതൊരു യു.പി.സ്കൂളുമായി ഉയർത്തണം എന്ന സുദുദ്ദേശത്തോടു കൂടി, "പള്ളിയാംമൂല വിദ്യാഭ്യാസ സൊസൈറ്റി" എന്ന ഒരു സൊസൈറ്റി രൂപീകരിക്കുകയും 1986 ൽ പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അതിന്റെ ഫല മായി 1999 ഓടുകൂടി പുതിയ ഒരു കോൺക്രീറ്റ് കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം തുടങ്ങി. മേൽ സൊസൈറ്റിയുടെ പ്രവർത്തന മികവിന്റെ ഫല മായി സ്കൂളിന് വേണ്ട അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ട് പിഞ്ചു കുഞ്ഞുങ്ങൾക്ക് അറിവിന്റ ബാലപാഠം നൽകുന്നതോടൊപ്പം കലാകായിക വേദികളിലും,മറ്റ് മത്സരങ്ങളിലും പങ്കെടുത്ത് A ഗ്രേഡുകൾ നേടി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. നാടിന്റെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ മഹത്തായ സേവനത്തിന്റെ പ്രതീക മായി ഈ വിദ്യാലയം നിലകൊള്ളുന്നു.

# അവസ്ഥാ വിശകലനം

- മെച്ചപ്പെട്ട കെട്ടിടങ്ങൾ .
- ക്ലബ്ബുകൾ.
- ചിട്ടയായ പഠനം.
- ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം.
- പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം.
- ഭിന്നശേഷി സൗഹൃദ വിദ്യാലയം.
- കലാകായിക മത്സരങ്ങളിൽ എ ഗ്രേഡി നേടിയുള്ള മികച്ച വിജയം.
- വിശാലമായ കളിസ്ഥലം.
- ഫുട്ബോൾ,യോഗ,സ്പോകെൻ ഇംഗ്ലീഷ്,ഒറിഗാമി, പരിശീലനങ്ങൾ.

# പരിമിതികൾ

- ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്സ്റൂം ഇല്ല.
- ചുറ്റുമതിൽ ആവശ്യമാണ്.
- സ്കൂൾ ഗേറ്റ് ആവശ്യമാണ്.
- വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും തണലിടം ഇല്ല.

# സമഗ്ര ഗുണമേന്മ പദ്ധതി -വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

- ലഹരി ഉപയോഗം തടയുക.
- പച്ചക്കറി തോട്ട നിർമാണം.
- പരിസര ശുചിത്വം.
- ഐ .ടി .ഇന്റർനെറ്റ് പോലുള്ള സാങ്കേതിക അറിവ് നൽകുക.
- പൊതു ആരോഗ്യം.
- വ്യായാമം.

# പ്രതീക്ഷിത നേട്ടങ്ങൾ

- മുഴുവൻ കുട്ടികൾക്കും അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠനനേട്ടങ്ങളും ശേഷികളും കൈവരിക്കാൻ കഴിയുന്നു.
- മികവാർന്ന പഠന അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും നൽകി കുട്ടികളെ മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കുന്നു.
- വായനാ അന്തരീക്ഷം സൃഷ്ടിച്ചും വിവിധ വായന കളികളിലൂടെയും മത്സരങ്ങളിലൂടെയും വായന മെച്ചപ്പെടുത്തുന്നു.
- ഭാഷകളിൽ അടിസ്ഥാന ശേഷി നേടാൻ കഴിയുന്നു.
- മികവുകൾ പൊതുസ്ഥലങ്ങളിൽ (വായനശാല, അങ്കണവാടികൾ...)അവതരിപ്പികാനും സമൂഹവുമായി കൂടുതൽ അടുക്കുന്നു.

# മോണിറ്ററിങ്

- എ ഇ ഓ തലം
- എച്ച് എം മോണിറ്ററിങ്
- എസ് ആർ ജി വിലയിരുത്തൽ
- അധ്യാപക മോണിറ്ററിങ്
- പി.ടി.എ. ,എസ് .പി.ജി. മോണിറ്ററിങ്

# അക്കാദമികം
# ഭാഷ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഗുണഭോക്താവ് | മോണിറ്ററിങ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുന്നു. | • കളികളിലൂടെ ചിത്രവായന.<br>• വിവിധ തരാം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക .<br>• നിറങ്ങൾ നല്കാൻ അവസരം ഒരുക്കൽ.<br>• ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമാണം - ശിൽപ്പശാല .<br>• വായന സാമഗ്രികൾ തയ്യാറാക്കൽ. | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളും | എച്ച് . എം . | |

| | | | | | | | |
|---|---|---|---|---|---|---|---|
| | എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ,കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | • ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായ പങ്കിടുന്നു.<br>• അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന പാദങ്ങ,അക്ഷരനാണ് ഉറപ്പിക്കുന്നു.<br>• അക്ഷരപാട്ടുകളിലൂടെ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു. | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളും | എച്ച് . എം . | |
| 3 | ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പാദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു. | • ആവർത്തിച്ചു വരുന്ന പാദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.<br>• വായനമൂല ഒരുക്കൽ .<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ . | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു വാക്യങ്ങൾ എഴുതുന്നു വായിക്കുന്നു. | • ചിഹ്നങ്ങൾ ഉറപ്പിക്കൽ .<br>• ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ തയ്യാറാക്കുന്നു, വായിക്കുന്നു .<br>• ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു വാക്യങ്ങൾ എഴുതുന്നു വായിക്കുന്നു.<br>• ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു .<br>• വായനോത്സവം സംഘടിപ്പിക്കുന്നുണ്.<br>• ആസ്വാദകരമായ വായന നടത്തൽ . | ഒരു വർഷം | എസ്. ആർ. ജി | വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും. | എച്ച്. എം | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | എല്ലാ കുട്ടികളും ആശയഗ്രഹണ ത്തോടെ നിഷ്പ്രയാസം വായിക്കുന്നു. | • ആകർഷകമായ വായനാകാർഡു കൾ തയ്യാറാക്കി വായിക്കുന്നു.<br>• വായാനാമൂലയിലെ കുഞ്ഞുപുസ്തകങ്ങൾ വായിക്കുന്നതിന് വായനാമത്സരം ഒരുക്കുന്നു.<br>• ഓരോ ദിവസവും പത്രവാർത്ത അവതരിപ്പിക്കുന്നു.<br>• കുട്ടികൾ എഴുതിയ ഡയറി വായിച്ച് അവതരിപ്പിക്കുന്നു<br>• .കുട്ടികൾ കണ്ടതും കേട്ടതുമായ അനുഭവങ്ങൾ, പാട്ട്, കഥകൾ എന്നിവ വാചികമായി അവതരിപ്പിക്കാനുള്ള അവസരമൊരുക്കുന്നു . | ഒരു വർ ഷം | എസ്. ആർ. ജി | വിദ്യാല യത്തി ലെ മുഴുവൻ കുട്ടികള ും. | എച്ച്. എം | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | എല്ലാ വിദ്യാർത്ഥികള ും ആശയം വ്യക്തതയോ ടെ ലേഖന പ്രക്രിയ നടത്തുന്നു. | • ക്ലാസ് പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുറിപ്പ്, കവിതാപൂരണം, കഥാപൂരണം, ആസ്വാദനക്കുറിപ്പ്, അനുഭവക്കുറിപ്പുകൾ, യാത്രാവിവരണം എന്നിവ തയ്യാറാക്കുന്നു .<br>• ചിത്രകഥാ ചാർട്ട് നൽകി കുട്ടികൾ സ്വന്തമായി കഥയുണ്ടാക്കുന്നു. | ഒരു വർ ഷം | എസ്. ആർ. ജി | വിദ്യാലയ ത്തിലെ മുഴുവൻ കുട്ടികളും. | എച്ച്. എം | |
| 7 | ദിനാചരണങ്ങ ൾ | • ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ, കുറിപ്പ്,ക്വിസ്, ചുമർപത്രിക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | | | | | |

# ഇംഗ്ലീഷ്

| SI.NO | AIMS | ACTIVITIES | DURATION | CHARGE | BENEFICIARY | MONITORING | ECONOMIC ANALYSIS |
|---|---|---|---|---|---|---|---|
| 1 | All should understand english through listening skill. | ● Identify familiar words.<br>● Listening to story and picturising it.<br>● Listening to song and singing it.<br>● Language games.<br>● Role play,skit etc… | June to march | Class teachers | All students | H.M. | |
| 2 | All should speak, read,and write english. | ● Enjoy songs and sings them with rhythm and action.<br>● Identify,say,read and write familiar words.<br>● Introduce simple words.<br>● Provide picture cards,discribes orally about pictures and objects using objectives.<br>● Read and write simple sentences.<br>● Providing reading cards.<br>● Introducing simple picture description. | June to march | Class teachers | All students | H.M | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | Improves the ability to read, speak, and write English effectively. | English assembly<br>Reading news articles.<br>Writing english dairy. | June to marc h | Class teacher | All students | H.M. | |
| 4 | Nurturing creativity Creative writing development. | • English Theater.(Presenting English Lessons in discourse forms: skit,drama,conversation ,story telling).<br>• English Magazine.(Every three months, a magazine is prepared that includes the children's writings.) | June to marc h | Class teacher | All students | H.M. | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • English hand written album.(engage in writing activities with friends on special days at school.)<br>• English corner.(Children's books are graded according to the reading standards, and reading comprehension is introduced.)<br>• English fest.(Reading competition, writing competition, and other creative activities are presented.) | June to march | Class teacher | All students | H.M. | |

# പരിസരപഠനം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഗുണഭോക്താവ് | മോണിറ്ററിങ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | നിരീക്ഷണം അറിവ് - നിർമ്മാണം | • പ്രകൃതി നടത്തം.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഫിൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളും | എച്ച് . എം . | |
| 2 | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ . | • ശാസ്ത്രമൂല.<br>• ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | • ശാസ്ത്രയാത്ര.<br>• വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളു ം | എച്ച് . എം . | |
| 4 | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | • ഭൂപടമൊരുക്കാം<br>• കേരളം - ഇന്ത്യ- ഭൂപട വായന. | | | | | |
| 5 | ശാസ്ത്ര പഠനം രസകരമാക്കൽ. | • ശാസ്ത്ര വിസ്മയ ചുമർ<br>• ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | | |
| 6 | ശാസ്ത്ര പഠനത്തിലൂടെ നേടിയ | • ശാസ്ത്രോത്സവം<br>• പഠനം ഉൽപ്പന്നങ്ങളുടെ | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | അറിവുകളുടെ പ്രയോഗം | പ്രദർശനം .(പതിപ്പ്, ചാർട്ട്, ആൽബം. പാനോപകരണം, പരീക്ഷണം). | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളു ം | എച്ച് . എം . | |
| 7 | അറിവുകളുടെ രചന. | • ശാസ്ത്രമാസിക<br>• ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | | |

# ഗണിതം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഗുണഭോക്താവ് | മോണിറ്ററിങ് | സാമ്പത്തികവിശകലനം |
|---|---|---|---|---|---|---|---|
| 1 | നമ്മുടെ ചുറ്റും വിവിധ ആകൃതിയിലുള്ള വസ്തുക്കളുണ്ടെന്ന് തിരിച്ചറിയുക | • ചുറ്റുപാടുകൾ നിരീക്ഷിച്ചുകൊണ്ട് ദ്വിമാന ത്രിമാന രൂപങ്ങളെ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു .<br>• രൂപങ്ങൾ അനുസരിച്ചു ഫോമുകൾ അടക്കുന്നു . | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളും | എച്ച് . എം . | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • ചിത്ര പാറ്റേർണികൾ പൂർത്തിയാക്കി നിറം നൽകി ചിത്രങ്ങൾ ഭംഗിയാക്കുന്നു .<br>• വ്യത്യസ്ത ആകൃതികൾ ഉപയോഗിച്ച് വ്യത്യസ്ത വസ്തുക്കൾ നിർമിക്കുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർ ത്ഥികളു ം | എച്ച് . എം . | |
| 2 | ഗണിതത്തിലെ വലുത് ചെറുത് നീളം കൂടിയത് നീളം കുറഞ്ഞട് ദൂരെ അടുത്ത് തുടങ്ങിയവ തിരിച്ചറിയുക | • ചുറ്റുപാട് നിരീക്ഷിച്ചു ഉദാഹരങ്ങൾ ശേഖരിക്കുന്നു, തിരിച്ചറിയുന്നു, തരംതിരിക്കുന്നു. | | | | | |
| 3 | 1 മുടൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു,5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം,കുട്ട്ല,കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | • ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതക്കിറ്റ് തയാറാക്കുന്നു. | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • മഞ്ചാടി,മുത്ത്, പുളിങ്കുരു തുടങ്ങിയവ എണ്ണിയെടുക്കുന്നതിനും എണ്ണത്തെ പകുതി,തുല്യം, കൂട്ടല,കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികള ും | എച്ച് . എം . | |
| 4 | 9ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു. | • സംഖ്യാഗങ്ങൾ ആസ്വദിക്കൽ, ആലപിക്കാൻ .<br>• ഗണിതക്കിറ്റിലെ സ്ഥാനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ .<br>• ഒന്നിനോട് ഒന്ന് കൂടോയൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് , സംഖ്യാഗണം ആലപിക്കൽ<br><br>1+1=2,2+1=3,3+1=4 | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഗണിത പഠനം രസകരമാക്കൽ (ചതുഷ്കിയകൾ ലളിതമാക്കൽ). | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ<br><br>മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം വ്യവകലനം, കച്ചവടക്കളി). | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികളു ം | എച്ച് . എം . | |
| 6 | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | ഒറിഗാമിയിലൂടെ പഠിക്കാം.<br><br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. പ്രദർശനം. | | | | | |
| 7 | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | ഗണിത ലാബ്. | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ<br><br>ഗണിത ചുമർ ഒരുക്കൽ-പഠനത്തിന്ഉപയോഗപ്പെടുത്തൽ. | ഒരു വർഷം | ക്ലാസ് ടീച്ചർ | എല്ലാ വിദ്യാർത്ഥികള ും | എച്ച് . എം . | |
| 9 | പഠനോപകരണങ്ങളിലൂടെ ഗണിത പാനം രസകരമാക്കൽ. | ഗണിത പഠനോപകരണ ശില്പശാല.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട പ്രാനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം. | | | | | |
| 10 | ഗണിത ശേഷികളുടെ പ്രകടനം. | ഗണിതമേള<br><br>പ്രശ്നോത്തരി, പസിൽ, പാറ്റേൺ,പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | | | |

# ഉപസംഹാരം

ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുന്നത് ധീർകവീക്ഷണത്തോടു കൂടി കാലോചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതിയിലൂടെയാണ്. വിദ്യാർത്ഥികളുടെ അക്കാദമികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ചയ്ക്ക് ഉതകുന്നതാണ് ഇത്തരം പ്രവർത്തനങ്ങൾ എന്നതിൽ സംശയം ഇല്ല . സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിദ്യാലയത്തിന്റെയും പ്രഥമ കർത്തവ്യങ്ങളിൽ ഒന്നാണ്.